# വൈഷ്ണവം

www.maniyasseri.org
E-mail: swamy.gandharva@gmail.com

തമസോമാ ജ്യോതിർഗമയ		പരസ്പരംഭാവയന്ത:ശ്രേയ: പരമവാപ്സ്യഥ

കൊല്ലവർഷം 1190 കർക്കിടകം (ശകവർഷം 1937 വൈശാഖം) വാല്യം 6 ലക്കം 6, ക്രിസ്തുവർഷം 2015 ജുലൈ.....


ॐ

## ആമുഖം

പ്രിയ സഹോദരങ്ങളെ,

പരദേവതമാരുടെ അനുഗ്രഹത്താൽ അടുത്തലക്കം വൈഷ്ണവം കർക്കിടകമാസത്തിൽ നിങ്ങൾക്ക് ലഭിയ്ക്കും. കർക്കിടകമാസത്തെ ദുരിതപൂർണ്ണമായ ദാരിദ്ര്യമാസമായിട്ടാണ് മലയാളികളായ നമ്മൾ പണ്ടുമുതലേ ഭാവന ചെയ്യുന്നത്. പക്ഷെ കർക്കിടകമാസത്തിന് ഒരു സുന്ദരമായ പേരും ഉണ്ട് അതാണ് മലയാളികൾക്ക് രാമായണമാസം. ഭൗതികമായ ദുരിതങ്ങൾ ഏറെ അനുഭവിയ്ക്കുമ്പോൾ മന : ശാന്തിയ്ക്കും, ദുരിത നിവാരണത്തിനും വേണ്ടി ഭഗവാനെ ആശ്രയിക്കുകയല്ലാതെ വേറെ വഴിയില്ലെന്ന് നമ്മുടെ പൂർവ്വികന്മാർ നമ്മെ പഠിപ്പിച്ച മാസം കർക്കിടക ആചാരങ്ങൾ തന്നെ.

ഓരോ ഹിന്ദു ഭവനങ്ങളിലും, ഒരാവർത്തി എങ്കിലും ഭക്തിയോടെ പാരായണം ചെയ്യുന്നതാണ് എഴുത്തച്ഛന്റെ കിളി പാടിയ അദ്ധ്യാത്മരാമായണം എന്ന ഭക്തി കാവ്യം. കൂടാതെ മിക്ക ക്ഷേത്രങ്ങളിലും, രാമായണപാരായണം നിഷ്ഠയോടെ ഇന്നും നടത്തുന്നു. മനസ്സ് ബാഹ്യമായ ലോകവ്യാപാരങ്ങളിലേക്ക് മാത്രംതിരിച്ചുവിടാതെ അൽപനേരമെങ്കിലും ഈശ്വര പാദത്തിലേക്ക് തിരിച്ച് അന്തർമുഖനായി ഇരിക്കാൻ ശ്രമിക്കണം.

ധർമ്മച്യുതി ഏതാണ്ട് ഉച്ചകോടിയിലെത്തിയ ഒരുകാലഘട്ടത്തിൽ മനുഷ്യനെ ധർമ്മത്തിലേയ്ക്ക് നയിയ്ക്കാൻ പലഋഷിതുല്യരും ശ്രമിച്ചു. വാൽമീകി രാമായണം സംസ്കൃതഭാഷയിലായതിനാൽ സാമാന്യ അക്ഷരജ്ഞാനം മാത്രമുള്ള മലയാളികൾക്കുപോലും, ശ്രുതി മധുരമായി പാടികേൾപ്പിച്ചതാണ് എഴുത്തഛൻ ഈ കിളിപ്പാട്ട്.

ശ്രീരാമനെപ്പോലെ അനുകരണീയനായ, ആദർശവാനായ, ഉത്തമപുരുഷൻ ഈശ്വരന്റെ ഏഴാമത്തെ അവതാരമായ രാമൻ മാത്രമെ കാണൂ. കുടുംബ ജീവിതത്തിലും,വ്യക്തി ജീവിതത്തിലും, നാം പുലർത്തേണ്ട ധർമ്മങ്ങൾ, നീതികൾ ആചാരങ്ങൾ എന്നിവ നമുക്ക് രാമായണം പറഞ്ഞുതരുന്നു. സീതാദേവിയേക്കാൾ പതിപ്രേമതൽപരയും,സദാചാര തൽപരയുമായ സ്ത്രീരത്നം വേറെ ആരുണ്ട്. ? രാമനും സഹോദരങ്ങളും തമ്മിലുള്ള സഹോദര സ്നേഹം, ദശരഥനും രാമനും തമ്മിലുള്ള പിതൃപുത്ര സ്നേഹം, ഇവയെല്ലാം അനുകരണീയമല്ലേ? എന്തിനധികം രാമായണ കഥാപാത്രങ്ങളായ പക്ഷിമൃഗാദികൾ പോലും സാഹോദര്യവും, ഭക്തിയും വിളിച്ചോതുന്നവയാണ്. ഒരു മനുഷ്യന് ഏതവസ്ഥയിലും ആശ്രയിക്കാവുന്ന സത്യസ്വരൂപൻ ആശ്രിത വൽസലനും, ഭക്തദാസനും ആയ ഭഗവാൻ മാത്രമാണെന്നും നമുക്ക് മനസ്സിലാക്കിതരുന്നു രാമായണം. ശബരി, സുഗ്രീവൻ, വിഭീഷണൻ ഇവരെല്ലാം അതിന് ഉദാഹരണമാണ്.

കുടുംബ ഐശ്വര്യത്തിനും, ദുരിതനിവാരണത്തിനും വേണ്ടി, നമ്മുടെ കുടുംബ ക്ഷേത്രത്തിൽ ഈയാണ്ടും രാമായണ പാരായണം കർക്കിടകമാസത്തിൽ ഉണ്ടായിരിയ്ക്കും. അതു മാത്രം പോര, ഓരോ വീടുകളിലും, രാമായണക്കിളി പാടണം എന്ന് സ്വാമിയുടെ നാമധേയത്തിൽ എല്ലാപേരോടും അഭ്യർത്ഥിക്കുന്നു.. സ്വാമിയുടെ അനുഗ്രഹം നിങ്ങൾക്ക് എല്ലാപേർക്കും ഉണ്ടാകുവാനായി പ്രാർത്ഥിയ്ക്കുന്നു.

ബി.സരോജിനി അമ്മ

സീയാർ

## രാമായണവും ഭഗവദ്ഗീതയും

*രാമായണവും ഭഗവദ്ഗീതയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന സംശയമുണ്ടാകാം. എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണവും ഭഗവദ്ഗീതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണിവിടെ സൂചിപ്പിക്കുന്നതെന്നു പറഞ്ഞാൽ ഈ സംശയം ദൂരീകരിക്കപ്പെടും. ഗീതയുടെ ഉപദേശങ്ങളുടെ സാരാംശം എഴുത്തച്ഛൻ തന്റെ കിളിപ്പാട്ടിൽ അവിടവിടങ്ങളിലായി ചേർത്തിട്ടുണ്ട്. ഭാരതം തർജ്ജമയ്ക്കായി സ്വീകരിച്ചപ്പോൾ എഴുത്തച്ഛൻ ഗീതാഭാഗം വിട്ടുകളഞ്ഞിരിക്കുകയാണ്. അതിന് അദ്ദേഹത്തെ കുറ്റപ്പെടുത്തേണ്ടകാര്യമില്ല. കാരണം , ജീവിതത്തെസംബന്ധിച്ചുള്ള ആദ്ധ്യാത്മികചിന്തകളെല്ലാം തന്നെ എഴുത്തച്ഛൻ പല ഉപദേശങ്ങളിലുമായി സംഗ്രഹിച്ചുവെച്ചിട്ടുണ്ട്. രാമായണം കിളിപ്പാട്ടിലെ അത്തരമൊരു സന്ദർഭമാണ് അയോദ്ധ്യാകാണ്ഡത്തിലെ ലക്ഷ്മണോപദേശം. ചേട്ടന്റെ അഭിഷേകം മുടങ്ങിയവിവരം അറിഞ്ഞ് കത്തിജ്ജ്വലിച്ചു വരുന്ന ലക്ഷ്മണനെ വത്സ സൗമിത്രേ കുമാര നീ കേൾക്കണം എന്നു പറഞ്ഞു രാമൻ ആശ്വസിപ്പിക്കുന്ന ഭാഗം ജീവിതത്തിന്റെ എല്ലാമേഖലകളെക്കുറിച്ചും പരിശോധിക്കുന്നുണ്ട്. മനുഷ്യനും മറ്റുജീവജാലങ്ങളും തമ്മിലുള്ള ബന്ധം, പ്രകൃതിയുമായുള്ള ബന്ധം, മനുഷ്യനു മറ്റബന്ധുമിത്രാദികളുമായുള്ള ബന്ധം, ജീവിതവും മരണവും തമ്മിലുള്ള ബന്ധം തുടങ്ങിയ ഒരുപാടുകാര്യങ്ങൾ ഈഭാഗത്ത് ചർച്ച ചെയ്യുന്നുണ്ട്. അതിൽ ജീവിതത്തിന്റെ അൽപമാത്രമായ സമയത്തെക്കുറിച്ചു പറയുന്ന ശ്രദ്ധേയമായ വരികൾ ഇതാണ്.*

*വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ*
*സന്നിഭം മർത്യജന്മം ക്ഷണഭംഗുരം.*

*ചുട്ടു പഴുത്തിരിക്കുന്ന ഒരു തകിടിൽ വീഴുന്ന വെള്ളത്തുള്ളി പോലുള്ളതാണ് മനുഷ്യായുസ്സ് എന്നു പറയുമ്പോൾ ആയുസ്സിന്റെ ക്ഷണികത എത്രപെട്ടെന്നാണ് ബോധ്യമാവുന്നത്. തകടിലേക്ക് വീണമാത്രയിൽത്തന്നെ വെള്ളത്തുള്ളി ആവിയായി പോകുന്നു. ഈ സമയത്തെയാണ് മനുഷ്യൻ വലിയകാര്യമായിക്കരുതി അഹങ്കരിച്ചു നടക്കുന്നത്. ജീവിതത്തിന്റെ അല്പമാത്രയെക്കുറിച്ച് ചിന്തിക്കാതെ ഞാനാണ് ലോകം, എന്റെ വാക്കനുസരിച്ചാണ് ലോകം ചലിക്കേണ്ടത് എന്നീവിചാരങ്ങളുമായി ജീവിക്കുന്നവർ ഈ സത്യം തിരിച്ചറിയുന്നില്ല. രാമായണം ഇത്തരം എത്രയോ ചിന്താശകലങ്ങളാൽ സമ്പുഷ്ടമാണ്. രാമായണം കർക്കിടകത്തിൽ നന്നായി സ്വരശുദ്ധിയോടെ വായിച്ചാൽ മാത്രം പോര. അതിലുള്ള ഇത്തരം ഉപദേശങ്ങളുടെ പ്രസക്തി തിരിച്ചറിയുകകൂടി ചെയ്താലെ രാമായണം പാരായണം കൊണ്ട് ഈ ലോകജീവിതത്തിൽ എന്തെങ്കിലും പ്രയോജനം കിട്ടൂ.*

ബന്ധുജനങ്ങളെ,

മണിയശ്ശേരി ദേവസ്വം ട്രസ്റ്റിന്റെ സെക്രട്ടറിയായി, സ്വാമിയും, അമ്മമാരും ഉൾപ്പെട്ട പരദേവതമാരെ സേവിയ്ക്കുവാനുള്ള ഭാഗ്യം യാദൃശ്ചികമായി എനിയ്ക്ക് ലഭിച്ചിരിക്കുകയാണ്. ഈ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റുന്നതിന് എല്ലാ കുടുംബാംഗങ്ങളുടേയും അനുഗ്രഹവും, സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിയ്ക്കുന്നു

കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. അങ്ങിനെ ഒരുമിച്ച് കൂടുമ്പോഴും , അല്ലാത്തപ്പോഴും, ഇമ്പമുള്ള സംഗീതം പോലെ നമ്മുടെ കുടുംബവും ആക്കുവാൻ എല്ലാ കുടുംബാംഗങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ടും, സ്വാമി പലപ്പോഴും നമ്മളെ ഓർമ്മിപ്പിച്ചിരുന്ന ഹരിനാമകീർത്തനത്തിലെ നാലു വരി സ്മരിച്ചു കൊണ്ട്, സ്വാമിയുടേയും അമ്മമാരുടേയും, പരദേവതകളുടേയും അനുഗ്രഹം എല്ലാ ഭക്തജനങ്ങൾക്കും ഉണ്ടാകുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ ലക്കം വൈഷ്ണവം സ്വാമിയുടെ പാദങ്ങളിൽ സമർപ്പിയ്ക്കുന്നു.

ആനന്ദചിന്മയ ഹരേ ഗോപികാരമണ !
ഞാനെന്നഭാവമതു തോന്നായ്ക വേണമിഹ
തോന്നുതാകിലഖിലം ഞാനിതെന്നവഴി
തോന്നേണമെ വരദ നാരായണായ നമ :

എം.കെ.മുരളീഗോപാൽ (സെക്രട്ടറി )

## ചിന്താശകലങ്ങൾ

- ഒരു വലിയ ദൗത്യത്തിന്റെ വിജയം,ആര് ചെയ്തു എന്നതിനേക്കാൾ എങ്ങിനെ എത്രപേർ അതിൽ ഭാഗഭാക്കായി എന്നതിലാണ് നിലകൊള്ളുന്നത്.
- ലക്ഷ്യം പ്രധാനമാണ് അതുപോലെ തന്നെ മാർഗവും. എല്ലാവരിലും ഉള്ള ഈശ്വരനേയും, നന്മയേയും കാണാനുള്ള കണ്ണാണ് മഹത്വം.
- കർമ്മം ചെയ്യുക നമ്മുടെ ലക്ഷ്യം, കർമ്മ ഫലം തരും ഈശ്വരനല്ലോ. പ്രശസ്തിയോ പ്രതിഫലമോ പ്രതീക്ഷിയ്ക്കാതെ വേണം നമ്മൾ നിയോഗിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ നിർവ്വഹിയ്ക്കുവാൻ പ്രത്യേകിച്ച് ക്ഷേത്രങ്ങളിൽ.
- ജീവിതത്തിൽ ആരെങ്കിലും ആകുവാൻ ശ്രമിക്കുന്നതിനു പകരം, ആത്മാർത്ഥമായി എന്തെങ്കിലും ചെയ്യുവാനും, ചെയുതു കൊണ്ടേ ഇരിക്കുവാനും പരിശ്രമിക്കുക.
- കൊടുക്കുകയോ, അനുഭവിയ്ക്കുകയോ ചെയ്യാത്ത ധനം കൊണ്ടെന്തു ഗുണം, ശത്രുക്കളെ നേരിടാൻ കഴിയാത്ത ബലം കൊണ്ടെന്തുകാര്യം, ധർമ്മാചരണത്തി നുതകാത്ത വേദജ്ഞാനം കൊണ്ടെന്തു കാര്യം?
- ഇവിടെ വ്യക്തിപരമായ നേട്ടങ്ങളോ, മേന്മയോ ഇല്ല, മറിച്ച് നമ്മുടെ പരദേവതകളെ സേവിയ്ക്കാനും, കുടുംബാംഗങ്ങളേയും നാടിനെ തന്നെയും നന്മയുടെ വഴിയിൽ സഹായിക്കാനും,പ്രവർത്തിക്കാനും കൂടുതലായി അവസരം ലഭിച്ചതായി കരുതുക.

### അഭിനന്ദനം

കുടുംബാംഗമായ ഡോ.എൻ.ആർ.മാധവമേനോന്റേയും, ശ്രീമതി. രമാമേനോന്റേയും 50-ാം വിവാഹ വാർഷികത്തോടനുബന്ധിച്ച് ഈ വർഷത്തെ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം നടത്തുന്നതിനുള്ള ചിലവ് രൂപ 1,25000 വും സപ്താഹത്തിനുപയോഗിക്കാനായി ഒരു മണ്ഡപം നിർമ്മിക്കുന്നതിനായി രൂപ 50000 വും ഡോ.എൻ.ആർ.മാധവമേനോൻ സംഭാവനയായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തെ അഭിനന്ദിക്കുന്നതോടൊപ്പം അദ്ദേഹത്തിനും കുടുംബത്തിനും സ്വാമിയുടേയും പരദേവതകളുടേയും അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കുടുംബാംഗമായ ശ്രീ.എൻ.വിജയമോഹനൻ നായർ ക്ഷേത്രത്തിലെ പ്രധാനഹാളിനു തെക്കുവശമുള്ള തറ തെന്നിപോകാത്ത ഇന്റർലോക്ക് ടൈൽസ് പാകി തരാമെന്ന് അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തെ അഭിനന്ദിക്കുന്നതോടൊപ്പം അദ്ദേഹത്തിനും കുടുംബത്തിനും സ്വാമിയുടേയും പരദേവതകളുടേയും അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കുടുംബാംഗമായ ശ്രീമതി.അമ്മുക്കുട്ടി അമ്മ, ശ്രീമതി.കമലമ്മ (കൊച്ചുപുരയ്ക്കൽ) എന്നിവർ, ക്ഷേത്രത്തിലെ കരിനാഗയക്ഷിയമ്മയുടെ കാവിന് മുൻവശവും,അവിടെ നിന്ന് ക്ഷേത്ര കോമ്പൗണ്ടിലേയ്ക്കുള്ള വഴിയും കരിങ്കൽ പാകി തരാമെന്ന് അറിയിച്ചിട്ടുണ്ട്. അവരെ അഭിനന്ദിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനും സ്വാമിയുടേയും പരദേവതകളുടേയും അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്ഷേത്രത്തിലെ വാർഷിക പൂജയ്ക്ക് ഉപയോഗിയ്ക്കാനായി 28800 രൂപ വിലവരുന്ന ഒരു നവരത്ന മോതിരം കുടുംബാംഗമായ ശ്രീമതി.ഇന്ദു സഞ്ജയ് ക്ഷേത്രത്തിൽ സമർപ്പിച്ചു അവരെ അഭിനന്ദിക്കുന്നതോടൊപ്പം അവർക്കും കുടുംബത്തിനും സ്വാമിയുടേയും പരദേവതകളുടേയും അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### *അഭ്യർത്ഥന*

കുടുംബാംഗങ്ങൾ അവരുടെ താമസം മാറ്റുമ്പോൾ പിൻകോഡോടു കൂടിയ പുതിയ അഡ്രസ്സും,ഫോൺനമ്പരും Emailലും രേഖാമൂലം സെക്രട്ടറിയെ അിറയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈഷ്ണവത്തിൽ പ്രസിദ്ധീകരിയ്ക്കുവാൻ അയക്കുന്ന മാറ്ററുകളിൽ, വിശ്വാസയോഗ്യമായ അനുഭവങ്ങളോ, വായനക്കാർക്ക് ഏതെങ്കിലും സന്ദേശങ്ങളോ,അറിവോ നൽകുന്ന പുരാണകഥകളോ, ക്ഷേത്ര ആചാരങ്ങളെ കുറിച്ചോ ഉള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുവാൻ താൽപര്യപ്പെടുന്നു. കഴിയുന്നതും, കവിതകളും ഗാനങ്ങളും ഒഴിവാക്കാനപേക്ഷ. കുടുംബാംഗങ്ങളുടെ, വിവാഹം, പ്രശസ്തമായ വിജയങ്ങൾ, പുരസ്കാര ലബ്ധി ഇവ മറ്റു കുടുംബാംഗങ്ങളുടെ അറിവിലേക്കായി സ്ഥലപരിമിതിക്കുള്ളിൽ നിന്ന് പ്രസിദ്ധീകരിക്കുന്നതാണ്.

## ക്ഷേത്ര വികസന പദ്ധതികൾ

ക്ഷേത്രത്തിലെ മാസ്റ്റർ പ്ലാൻ അനുസരിച്ച് പൂർത്തിയാക്കേണ്ട പ്രവർത്തികൾ താഴെ കൊടുത്തിരിക്കുന്നു. ടി പ്രവർത്തികൾ സ്പോൺസർ ചെയ്യുവാൻ താൽപര്യമുള്ള ഭക്തജനങ്ങൾ ഭരണസമിതിയുമായി ബന്ധപ്പെടണമെന്നഭ്യർത്ഥിക്കുന്നു.

ക്ഷേത്ര ഹാളിനനുബന്ധമായി വടക്ക് ഭാഗത്ത് ഒരു സദ്യാലയവും, പാചകത്തിനായി ഒരു അടുക്കളയും നിർമ്മിക്കുക..

ഭക്ഷണാവശ്യത്തിനും മറ്റും ഉപയോഗിക്കുന്ന കിണറിന്റെ ചുറ്റും തറ കെട്ടി സംരക്ഷിച്ച്, മണ്ണിട്ട് ലവൽ ചെയ്യുക.

ക്ഷേത്ര കോമ്പൗണ്ടിനു വെളിയിൽ ക്ഷേത്ര ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കുളിമുറി കക്കൂസ് മുതലായവ പുതുക്കി പണിഞ്ഞ് സംരക്ഷിക്കുക.

ഗൗരി പിള്ള ഹാളിന്റെ സീലിംഗ് ലീക്കേജ് പരിഹരിച്ച് വീണ്ടും പ്ലാസ്റ്റർ ചെയ്ത് സംരക്ഷിയ്ക്കുക.

# ഗൃഹസ്ഥാശ്രമത്തിന്റെ അൻപതു വർഷങ്ങൾ



´നമ്മുടെ തറവാട്ടിലെ ബന്ധുജനങ്ങളുടെയെല്ലാം മനസ്സിലുള്ള പേരാണ് അപ്പുഅമ്മാവൻ. വളരെപ്പെട്ടന്ന് വിളിക്കാവുന്ന ഈ പേരിനുപിന്നിലുള്ള ഔദ്യോഗിക പേര്  നീലകണ്ഠ രാമ കൃഷ്ണ മാധവമേനോൻ എന്ന് സാമാന്യം ദീർഘമായ ഒന്നാണ്. കുടുംബത്തിലെ ഒന്നിലധികം കാരണവന്മാരെ ഒളിപ്പിച്ചു വെച്ചിരിക്കുന്ന ഈ പേരുപോലും ചുരുക്കി എൻ. ആർ. മാധവമേനോൻ എന്നാക്കിസമൂഹം മാറ്റിയിട്ടുണ്ട്. യഥാർത്ഥത്തിൽ അറിയേണ്ടതും ഓർക്കേണ്ടതുമായ പലകാര്യങ്ങളെയും അനുഭവങ്ങളെയും നമ്മൾ ഈവിധത്തിൽ ചുരുക്കിയെഴുതി വിസ്മൃതിയിലേക്ക് തള്ളിവിടാറുണ്ട്. അപ്പുഅമ്മാവന്റെ അമ്പതാം വിവാഹവാർഷികം ആഘോഷിക്കുന്ന ഈ വർഷം അത്തരം ചിലഅനുഭവങ്ങളുടെ ഓർമ്മപ്പെടുത്തൽ പുതിയതലമുറയ്ക്ക് വഴിവിളക്കായിത്തീരുന്നതാണ്. നമ്മുടെ കുടുംബത്തിൽ ഇതുപോലെ അനുഭവങ്ങളുള്ള മറ്റുമുതിർന്നവരുമുണ്ടാകാം. അവരടെ അനുഭവങ്ങളും ഇതുപോലെ പങ്കുവെയക്കുന്നത്  ഒരു പക്ഷേ  നമ്മുടെ കുടുംബത്തിന്റെ ഐക്യത്തിനും വളർച്ചയ്ക്കും വളരെയേറെ സഹായകരമായിരിക്കുമെന്നു കരുതുന്നു.

1965 ജൂലൈ എട്ടാംതീയതിയായിരുന്നു അലിഗാർ മുസ്ലീം സർവകലാശാലയിൽ അദ്ധ്യാപകനായി സ്ഥിരനിയമനം ലഭിച്ച എൻ ആർ മാധവമേനോൻ മാതൃവഴിയിൽപെട്ടതും തിരുവനന്തപുരം വനിതാകോളേജിൽ ബി. എസ്.സി രണ്ടാവർഷ ബിരുദവിദ്യാർത്ഥിനിയുമായ രമാദേവിയെ വിവാഹം കഴിക്കുന്നത്. രണ്ടുഘട്ടമായിരുന്നു വിവാഹത്തിനുണ്ടായിരുന്നത്. ആദ്യത്തേത് മണിയശ്ശേരി തറവാട്ടിൽ വെച്ചും രണ്ടാമത്തേത് തിരുവനന്തപുരത്തുവെച്ചുമായിരുന്നു. വിവാഹത്തിനുശേഷം കുറച്ചുദിവസങ്ങൾക്കുള്ളിൽത്തന്നെ അപ്പു അമ്മാവന് അലിഗാർയൂണിവേഴ്സിറ്റിയിലേക്ക് തിരച്ചുപോകേണ്ടതായിവന്നു. ഒദ്യോഗികരംഗത്തെ തിരക്ക് കല്ല്യാണം കഴിഞ്ഞതുമുതൽ  അമ്മായി നേരിട്ടറിഞ്ഞുതുടങ്ങിയെന്നു ചുരുക്കം. രണ്ടു പേരുടെയും മാനസികമായ പാരസ്പര്യമാണ് അമ്പതുവർഷമായ ഈ ദാമ്പത്യത്തിന്റെ അടിത്തറ ബലിഷ്ഠമാക്കുന്ന ശില എന്ന കാര്യത്തിൽ സംശയമില്ല. അമ്പതാം വർഷത്തിലെത്തിച്ചേരുന്ന ഇവരുടെ ദാമ്പത്യത്തിൽ സന്തോഷിക്കുകയും അവർക്ക് സ്വാമിയുടെയും അമ്മമാരുടെയും അനുഗ്രഹം മേലിലുണ്ടാകണമെന്നു പ്രാർത്ഥിക്കുകയും ചെയ്യാം. ഈ സന്തോഷം കുടുംബവുമൊത്ത് പങ്കുവെയ്ക്കുന്നതിൽ അപ്പുഅമ്മാവനും അമ്മായിയും അങ്ങേയറ്റം ആഗ്രഹിക്കുന്നു. അതിനായി ഈ വർഷത്തെ സപ്താഹത്തിന്റെ പൂർണ്ണചെലവും അപ്പു അമ്മാവൻ വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇത് ഏറ്റെടുത്തുനടത്തുമ്പോൾ അവർക്ക് ഒരാഗ്രഹമുണ്ട്. കുടുംബത്തിലെ എല്ലാ അംഗങ്ങളും ഈ ചടങ്ങിനു പങ്കെടുക്കണമെന്നതാണ് അത്. അതിനായി എല്ലാഅംഗങ്ങളെയും സ്നേഹത്തോടെ അവർ ക്ഷണിക്കുകയും ചെയ്യുന്നു.

ആഘോഷം നടക്കുമ്പോൾ പുതിയതലമുറ അറിഞ്ഞിരിക്കേണ്ട ചിലകാര്യങ്ങളുണ്ട്. തിരുവനന്തപുരത്ത് സാമ്പത്തികബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഒരു കുടുംബത്തിൽ പിറന്ന് രണ്ടാംവയസ്സിൽ അച്ഛൻ നഷ്ടമായ ഒരു ആൺകുട്ടി ഇച്ഛാശക്തിയോടെ ജിവിതത്തെ നേരിട്ട് ഇന്ത്യൻപ്രസിഡന്റിന്റെ കൈയിൽനിന്നും 2003-ൽ പത്മശ്രീ അവാർഡ് നേടുന്ന തലത്തിലേക്ക് വളർന്ന ജീവിതകഥ. ഒരു പക്ഷേ ഇത്തരം അനുഭവകഥകളാണ് നമ്മുടെ പുതിയതലമുറയ്ക്ക് ജീവിതത്തിൽ ചിലലക്ഷ്യങ്ങളും കരുത്തും നൽകാൻ സഹായിക്കുന്നത്.

ജീവിതത്തിന്റെ എല്ലാഘട്ടങ്ങളിലും അപ്പുഅമ്മാവൻ  വിടാതെ കൂടെകൊണ്ടുനടന്നിരുന്നത് മണിയശ്ശേരിയെ സ്വാമിയെയും അമ്മമാരെയുമാണ്. ആ വിശ്വാസം കുടുംബബന്ധങ്ങളിലെ ദൃഢതയായി വളർന്നു. കുടുംബാംഗങ്ങളെ ബഹുമാനിക്കാനും സ്വയം വളരാനുമുള്ള കരുത്ത് ആവിശ്വാസം നൽകിയിരുന്നു. തിരുവനന്തപുരത്തുനിന്നു വൈക്കം വരെ എല്ലാവർഷവും ചെറുപ്പത്തിൽ നടത്തിയിരുന്നു യാത്രയുടെ ക്ലേശത്തെക്കുറിച്ച് അപ്പുഅമ്മാവൻ പറയുന്നുണ്ട്. മൂന്നുദിവസമെടുക്കുന്ന യാത്ര. തിരുവനന്തപുരത്തുനിന്നും തീവണ്ടിയിൽ എട്ടുമണിക്കൂറെടുത്ത് കൊല്ലം വരെ. കൊല്ലത്തുനിന്നും കാൽനടയായി കൊല്ലം ബോട്ടുജെട്ടിയിലേക്ക്. അവിടെനിന്നും 28 മണിക്കൂറുകളെടുത്ത് ആലപ്പുഴയിലേക്ക് ബോട്ടുയാത്ര. ആലപ്പുഴയിൽ നിന്നുംവള്ളത്തിൽ വൈക്കത്തേയ്ക്ക്, അവിടെനിന്നും മണിയശ്ശേരിയിലേക്ക്. അതായത് ഇന്ന് നമ്മുടെ ഭൂമിയുടെ മറുകരയിലേക്ക് യാത്രചെയ്യാനെടുക്കുന്നതിനേക്കാൾ കൂടുതൽ സമയമെടുത്താണ് തിരുവനന്തപുരത്തുനിന്നും മണിയശ്ശേരിയിലേക്ക് അക്കാലത്ത് കുടുംബാംഗങ്ങൾ വന്നിരുന്നതെന്നു ചുരുക്കം. ഈ യാത്രയിലൂടെ അവർക്കുകിട്ടിയിരുന്നു അനുഭവങ്ങളുണ്ട്. പ്രതീക്ഷകളുണ്ട്, തകരാത്ത വിശ്വാസമുണ്ട്. അതു തിരിച്ചറിയുന്നവരേണ്ടവരാണ് പുതിയതലമുറ. ഒന്നിനും സമയമില്ല എന്നു വിഷമിക്കുന്ന നമുക്ക്, ഇത്രയുംസമയമെടുത്തുള്ള യാത്രകളാണ് ജീവിതത്തെ പച്ചപിടിപ്പിച്ചതെന്ന് അപ്പുഅമ്മാവന്റെ ജീവിതം സാക്ഷ്യപ്പെടുത്തുമ്പോൾ വലിയ ഊർജ്ജമാണ് ലഭിക്കുന്നത്.

അക്കാലത്തെ മണിയശ്ശേരിയിലെ ആഘോഷങ്ങളെക്കുറിച്ച് അപ്പുഅമ്മാവൻ ഓർമ്മിക്കുന്നുണ്ട്. കുട്ടികൾ അന്നും കലാപരിപാടികൾ അവതരിപ്പിച്ചിരുന്നു. ആളുകളെ ചിരിപ്പിക്കുന്ന ഓട്ടൻതുള്ളലും കഥാപ്രസംഗവും അപ്പുഅമ്മാവൻ അക്കാലത്ത് അവതരിപ്പിച്ചിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാൻ അൽപം പ്രയാസമുണ്ടാകാം. കൃത്യമായ കാര്യങ്ങൾ മാത്രം സംസാരിക്കുകയും അനാവശ്യമായി യാതൊന്നും സംസാരിക്കാതിരിക്കുകയും ചെയ്യുന്ന ഇപ്പോഴത്തെ അപ്പുഅമ്മാവന്റെ പഴയകാലം ഇതായിരുന്നു എന്നു പറയുന്നതിൽ തന്നെ അത്ഭുതം തോന്നാം. ഓരോകാലവും വയസ്സും ആവശ്യപ്പെടുന്നരീതിയിൽ ജിവിച്ചാൽ മാത്രമേ വിജയമുണ്ടാകൂ എന്ന വലിയഅറിവ് അതിലില്ലേ. ഇത്തരം ഒരുപാടനുഭവങ്ങൾക്കും ചരിത്രസംഭവങ്ങൾക്കും സാക്ഷിയാകേണ്ടി വന്നതിന്റെയും അതിൽ നിന്നും പാഠങ്ങളുൾകൊണ്ടതിന്റെയും കാര്യങ്ങൾ അപ്പു അമ്മാവന് പറയാനുണ്ട്. കൂടുതൽ അറിയാൻ താൽപര്യമുള്ളവർക്ക് യൂണിവേഴ്സൽ ലോ പബ്ലീഷിംഗ് കമ്പിനി പ്രസിദ്ധപ്പെടുത്തിയ ടേണിംഗ് പോയിന്റ് എന്ന പുസ്തകം വായിക്കാവുന്നതാണ്.

തയ്യാറാക്കിയത് : സീയാർ

# പരദേവതാ സേവയ്ക്കൊരവസരം

ക്ഷേത്രത്തിന്റെ സുഗമമായ പരിപാലനത്തിന് ഒരു മാസത്തിൽ എകദേശം 15,000 രൂപയോളം പൂജാ സാധനങ്ങൾക്കും, 30,000 രൂപയോളം ശമ്പളയിനത്തിലും, 2,000 രൂപയോളം ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിലും ആവശ്യമുണ്ട്. 12-7-2015 ൽ കൂടിയ ഭരണസമിതി മേൽ ചിലവുകൾ ഭക്തജനങ്ങളിൽ നിന്നും സ്പോൺസർഷിപ്പായി സമാഹരിയ്ക്കുന്നതിന് തീരുമാനിച്ചവിവരം എല്ലാവരേയും ഇതിനാൽ അറിയിയ്ക്കുന്നു.

ഒരുമാസത്തേയ്ക്കാവശ്യമായ പൂജാസാധനങ്ങൾക്കുള്ള തുക ഒരുമിച്ചോ, സാധനങ്ങൾ ഇനം തിരിച്ചോ കുറഞ്ഞത് ഒരു മാസത്തേയ്ക്കും, കൂടിയത് ആജീവനാന്തവും സ്പോൺസർ ചെയ്യാവുന്നതാണ്.

ക്ഷേത്രത്തിൽ ആവശ്യമുള്ള പൂജാ സാധനങ്ങളുടെ ഒരു ലിസ്റ്റും, അതു സ്പോൺസർ ചെയ്യുന്നതിനുള്ള അപേക്ഷയും ഈ ലക്കം വൈഷ്ണവത്തിനോടൊപ്പം കൊടുത്തിരിയ്ക്കുന്നു. ഭക്തജനങ്ങൾ അവരുടേയും, കുടുംബാംഗങ്ങളുടേയും പേരിൽ പരമാവധി പൂജാസാധനങ്ങൾ, പരമാവധി കാലത്തേയ്ക്ക് സ്പോൺസർ ചെയ്ത് ഈ സംരംഭത്തിൽ സഹകരിച്ച് പരദേവതമാരുടെ അനുഗ്രഹം നേടണമെന്ന് ഭരണസമിതിയ്ക്ക് വേണ്ടി അഭ്യർത്ഥിയ്ക്കുന്നു

സെക്രട്ടറി

***സർവ്വ ദോഷങ്ങളുമകറ്റുന്ന സൂര്യ ശ്ലോകം***

**ജപാകുസുമ സങ്കാശം**
**കാശ്യപേയം മഹാദ്യുതിം**
**തമോരിം സർവ്വപാപഘ്നം**
**പ്രണതോസ്മി ദിവാകരം**

ചെമ്പരത്തി പൂവു പോലുള്ള ചുവപ്പ് നിറത്തോടുകൂടിയവനും, കശ്യപ മഹർഷിയുടെ പുത്രനുമായ സൂര്യ ഭഗവാനെ പ്രണാമം അത്യധികം ദേഹപ്രഭയോടുകൂടിയവനും ഇരുട്ടിനു ശത്രുവും, സകല പാപങ്ങളേയും നിഗ്രഹിക്കുന്നവനുമായ സൂര്യഭഗവാനേ നമസ്കാരം. സൂര്യദേവനെ സങ്കൽപ്പിച്ച് ഈ ശ്ലോകം നിത്യം ജപിച്ച് പ്രാർത്ഥിക്കുകിൽ നവഗ്രഹ പ്രീതിയാൽ സർവ്വദുരിതങ്ങളും രോഗങ്ങളും അകലുമെന്നാണ് വിശ്വാസം

ഈ വർഷത്തെ ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം (മൂലം) 2015 ഒക്ടോബർ മാസം 23 വെള്ളിയാഴ്ച മുതൽ 30 വെള്ളിയാഴ്ച വരെ മണിയശ്ശേരി ക്ഷേത്രാങ്കണത്തിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം എല്ലാ ഭക്തജനങ്ങളേയും അറിയിച്ചു കൊള്ളുന്നു.

യജ്ഞാചാര്യൻ ശ്രീ. ആർ. സോമശേഖർ, ആലപ്പുഴ

**മുഖ്യ പ്രഭാഷണം**

ഭാഗവത സപ്താഹത്തോടനുബന്ധിച്ച് 25-10-2015, ഞായർ രാവിലെ 11.30 ന് പ്രഭാഷണം - ശ്രീ. കണ്ടമംഗലം പരമേശ്വരൻ നമ്പൂതിരി, കോഴിക്കോട്. വിഷയം - കപിലോപദേശം

## *നിങ്ങൾക്കറിയാമോ ?*

***ദശാവതാരങ്ങൾ*** – മൽസ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കൽക്കി.

***ദശപുഷ്പങ്ങൾ*** – കയ്യോന്നി, മുക്കുറ്റി, പൂവ്വാംകുരുന്നില, നിലപ്പന, കൃഷ്ണകാന്തി, മുയൽചെവിയൻ, തിരുതാളി, ഉഴിഞ്ഞ, കറുക, ചെറുള എന്നിവയാകുന്നു.

***ദശ ദാനം*** – ഭൂമി, പശു, സ്വർണ്ണം, വസ്ത്രം, നെയ്യ്, ശർക്കര, എള്ള്, നെല്ല്, ഉപ്പ്, ദ്രവ്യം എന്നിവ.

***പ്രദിക്ഷിണ ക്രമങ്ങൾ*** – ഗണപതിക്ക് - 1, സൂര്യന് -2, ശിവന് - 3, ദേവി- വിഷ്ണു - 4, ശാസ്താവിന് - 5, മുരുകന് - 6, അരയാലിന്-7 എന്നിങ്ങനെയാണ് പ്രദിക്ഷിണ ക്രമ വിധി.

***ഭഗവൽപിയൻ*** ഒന്നിനേയും ദ്വേഷിയ്ക്കാതെ,എല്ലാ ഭൂതങ്ങളോടും മിത്രഭാവവും, കരുണയും ഉള്ളവനും, തന്റേതും എന്റേതും എന്നുള്ള ഭാവമില്ലാത്തവനും, സുഖ ദുഖങ്ങളെ സമമായി ഗണിക്കുന്നവനും, ക്ഷമാശീലനും, സർവ്വദാ സന്തുഷ്ടനും, യോഗയുക്തനും, സംയതചിത്തനും, ദൃഢചിത്തനും, മനസ്സും ബുദ്ധിയും എന്നിൽ അർപ്പിച്ചവനുമായ എന്റെ ഭക്തൻ എനിയ്ക്ക് പ്രിയനാണ്.

## വാർഷിക പൂജാ ചിലവ് - 2015 April

| | |
|---|---|
| Pulluvan Dakshina | 60103 |
| Kaniyan Dakshina | 7100 |
| Puthumana Dakshina | 16000 |
| Ameda Dakshina | 9051 |
| Puthumana Taxi (2 trips) | 3800 |
| Melshanthi Dakshina | 8000 |
| Kalabham | 5000 |
| Mike + Light | 27000 |
| Pandal | 16000 |
| Melam | 8000 |
| Cleaning-Labour | |
| ,, Pooja days | 3017 |
| Flower | 14470 |
| Grass Cutting + Cleaning | 5450 |
| Pongalakalam + Thavi | 4800 |
| Coconut, Pookula, Karikku | 13909 |
| Nellu, Kothumbu, Umi etc | 2920 |
| Milk, Gas etc | 4245 |

| | |
|---|---|
| Dhothi | 14300 |
| Gold-Sarpakalam | 4100 |
| Aripodi, Manjalpodi | 7435 |
| Pooja items (Champu shop) | 19830 |
| Vazhipadukal (Various temples) | 701 |
| Food Fund | (3000 + 2000) = 5000 |
| Pattu | 5605 |
| Podi for kalam | 5241 |
| പായ, മുറം, കുട്ട etc | 2870 |
| പഴം, കദളിപ്പഴം, വെറ്റല, Fruits | 910 |
| ശാന്ത | 900 |
| ശാന്ത | 2400 |
| സുധ | 2800 |
| ശശി | 5400 |
| പ്രസാദ ഊട്ട് ക്ഷേത്രത്തിൽ | |
| പച്ചക്കറി, പാൽ, തൈര് | 1672 |
| പ്രസാദ ഊട്ടിന് ക്ഷേത്രത്തിൽ പാചകം | 500 |
| **Total Exp.** | **288529** |

# VARSHIKA POOJA INCOME - 2015 APRIL

| Name | M.ship | Donation | Annadana |
|---|---|---|---|
| Dr. B. Sarojini Amma | LM | 10760 | |
| Sarada Das | LM | 1500 | |
| Krishna Das | LM | 2000 | |
| Usha Devi 5000 | LM | 1000 | 1000 |
| N.R. Rajasekharan | 600 | 400 | |
| Narayanan Thampi | 600 | 400 | |
| Neelakandhan Nair. J. | LM | 1500 | |
| Radhakrishnan Nair. J. | LM | 1000 | |
| Prasanna Kumari | 600 | 1001 | |
| Bhaskaran Nair J. | LM | 2000 | 1000 |
| Jaya Mohan | LM | 2000 | |
| Vijayalekshmi | 600 | 400 | |
| C.R. Prasad | 600 | 1500 | |
| Jalaja Unnikrishnan 5000 | LM | 600 | |
| Udya.V. Kurup | 600 | | |
| M.N.C. Menon | 600 | 400 | |
| Jayachandran | LM | 1000 | |
| Giji Thampi.G. | 600 | 400 | |
| Madhuri Devi | LM | 1000 | |
| Raveendrakumar | LM | 501 | |
| Rajjith Narayan | LM | 2001 | |
| Vijayalekshmi | – | 1000 | |
| Baiju | – | 300 | |
| Shankar | – | 500 | |
| Sasikala Ramkumar | LM | 500 | |
| Sreelatha Sudhakaran | LM | 1001 | |
| Premkumar 5000 | LM | | |
| Saradamma | LM | 1500 | |
| Giridas | LM | 300 | |
| Rema Menon | LM | 500 | |
| Sasikumar | 600 | - | |
| Krishnakumar | 600 | 501 | |
| Radha Devi | 600 | 400 | |
| Lekshmi Devi | 600 | 400 | |
| Indirabhai | 600 | 400 | |
| Aparna Premkumar | LM | 1001 | |
| Geetha L. | 600 | 500 | |
| Rema Krishnan Nair | 600 | 400 | |
| Ranjith Krishnan Nair | 600 | 400 | |
| Rajani Krishnan Nair | 600 | 400 | |
| Govind Kumar | 600 | 400 | |
| Padma Raveendran Nair | 600 | – | |
| Ratheesh R. | 600 | | |
| Resmi P.R. | 600 | | |
| Indira Gangadharan Nair | 600 | | |
| Bindu Sreekumar | 600 | | |
| Lekshmi Kuttiamma | 600 | | |
| Santhakumari | 600 | 400 | |
| Geetha Rani | 600 | 400 | |
| Sivaprasad | 600 | 400 | |
| Bindu Ajith | 600 | 400 | |
| Parvathi.S.Nair | 600 | 400 | |
| Bindu Krishnakumar | 600 | 600 | |
| Jayashankar | 600 | 2400 | |
| Syma Moorthy | LM | 500 | |
| Dr. S. Madhavan Nair | LM | 2000 | |

| Name | M.ship | Donation | Annadana |
|---|---|---|---|
| Usha Vibhu | 600 | 1000 | |
| Mini Unnikrishnan | 600 | 1000 | |
| Aji. D. Nair | – | 5000 | |
| Damodaran Pillai | 600 | – | |
| Vishnu Priya | 600 | – | |
| Girija Devi | 600 | 400 | |
| R. Krishna Pillai | 600 | 500 | |
| Prabhakara Panicker | – | 250 | |
| Murali Krishnan | | 250 | |
| Girija Lal | 600 | 400 | |
| Renuka Nair | 600 | 400 | |
| G.R. Gopakumaran Nair | LM | 1001 | |
| Devi Vijayakumar | LM | 1000 | |
| Kumari Raji | | 2000 | |
| Dr. Sushma | | 500 | |
| Parameswaran Nair | 600 | | |
| N. Vijayamohanan Nair | LM | 2645 | |
| Padma Panicker | LM | 1001 | |
| Rajalekshmi Amma | 600 | 400 | |
| Meena Rani | LM | 500 | |
| Sindhu Gopakumar | LM | 1200 | |
| Indu Sanjai | LM | 2300 | |
| Harikumar | | 1500 | |
| Indira Devi | 600 | 500 | |
| Veera Rakhavan | LM | 1448.50 | |
| Salini Satheesh | 600 | | |
| Vijayalekshmi | 600 | 500 | |
| Ramakrishnan Nair | 600 | 400 | |
| V.C. Mohan | LM | 1377.50 | |
| Vevak.C.Nair | LM | 1200 | |
| Vidya Mohan | LM | 1200 | |
| Gopika | | 100 | |
| Latha Sasi | LM | 1000 | |
| Nisha Rajeev | LM | 500 | |
| Neena Kishore | LM | 500 | |
| Murali Gopal | LM | 451 | |
| Vasukumari | LM | 1000 | |
| Hari Prasad | LM | 1000 | |
| Suchitha | 600 | 400 | |
| Vanaja Kumari | | 501 | |
| R. Somasekhar | LM | 1001 | |
| S. Arunkumar | LM | 1001 | |
| S. Anilkumar | LM | 1001 | |
| K.P. Panicker | LM | 1000 | |
| Sangeetha | LM | 500 | |
| Kanakam | 600 | 100 | |
| Raghukumar | LM | 3800 | |
| Rishikesh | | 1000 | |
| M.K. Radhamadhavan | LM | 1000 | |
| Anuja Madhavan | | 1000 | |
| Komalam.S.Nair | 600 | 400 | |
| N. Madhu | | 1000 | |
| Syamkumari Sankaran | | 1000 | |
| Sivaji | | 2222 | |
| Manju | | 2000 | |
| Bindu | | 101 | |

| Name | M.ship | Donation | Annadana |
|---|---|---|---|
| Hema Venugopal | | 1000 | |
| Gopinathan Nair | | 1000 | |
| Vidya | | 250 | |
| Sivakumar | | 1000 | |
| Sutheesh Chand | 600 | | |
| Prasanna Gopinath | 600 | | |
| Latha Venugopal | LM | 1001 | |
| Vinayakumar | LM | 1000 | |
| Darsana Balu | 600 | 400 | |
| Krishnakumar | | 1000 | |
| Anil | | 1000 | |
| Divya | | 500 | |
| Soman pillai | | 500 | |
| Sujith Nair | | 1000 | |
| Sunil Nair | 600 | 1400 | |
| Midhun Kesav | 600 | | |
| Venugopal.R. | 600 | 1000 | |
| Anilkumar | | 1000 | |
| P. Gopakumar | LM | 2000 | |
| Anilkumar Pillai | LM | 1000 | |
| R. Reghu | LM | 1000 | |
| Rajasekharan Nair | LM | 500 | |
| Vijayalekshmi Amma | LM | 860 | |
| Ramachandran Pillai | – | 500 | |
| Dr. N.R.M. Menon | LM | 500 | |
| Ramakrishna Menon | LM | 1000 | |
| Rekha Anil Nair | 600 | 400 | |
| Anil Nair. G. | LM | 1000 | |
| Prasanth. C.S. | 600 | 400 | |
| Sivaprasad. B. | LM | 5000 | |
| Radhika Rajan | LM | 1000 | |
| Hariprasad.B. (Karikku 67 Nos) | | 1206 | |
| P.N.K. Stores | | 501 | |
| Thalam | | 1800 | |
| Kumbhakudam | | 2652 | |
| Sale of Pattu | | 3240 | |
| Para | | 4935 | |
| Pongala | | 3800 | |
| From Food Fund for Pandal | | 1000 | |
| Thulabharam | | 5230 | |
| Items Returned | | 11105 | |
| S.B.T. Interest | | 29045 | |
| 1S.B.T. Kalam (A/c) | | 52500 | |
| പ്രസാദ ഊട്ട് വരവ് | | 6000 | |

**വാർഷിക പൂജാ വരവ്– 2015 April**

| | | |
|---|---|---|
| **Food Fund** | = | **2000** |
| **മാസവരി** | = | **34200** |
| **വാർഷിക പൂജ** | = | **253742** |
| **Total Incom** | = | **289942** |
| **Total Exp.** | = | **288529** |
| **Balance** | = | **1413** |

മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് വാർത്താപത്രിക
*(For Private Circulation Only)*

*മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്*
*മറവൻതുരുത്ത് പി.ഒ., വൈക്കം*

**BOOK -POST**

To

........................................................................

........................................................................

........................................................................

..........................................Pin......................

---

## അറിയിപ്പ്

19-5-2015 ന് കൂടിയ ഭരണസമിതി, മണിയശ്ശേരി ദേവസ്വം ട്രസ്റ്റിന്റെ സെക്രട്ടറിയായി, ശ്രീ. എം.കെ.മുരളീഗോപാലിനെ (എ-1, ലോട്ടസ് ഗാർഡൻസ്, എസ്സ്.എൻ. വിദ്യാപീഠം റോഡ്, തൃപ്പൂണിത്തുറ, എറണാകുളം ജില്ല- 682 301. മൊബൈൽ- 9446225012. ഇമെയിൽ - (muraliegopal5@gmail.com) തിരഞ്ഞെടുത്തിരിയ്ക്കുന്ന വിവരം എല്ലാ കുടുംബാംഗങ്ങളേയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ശ്രീ.ആർ.ശിവകുമാറിന് വ്യക്തിപരമായ. കാരണങ്ങളാൽ സെക്രട്ടറിയായി തുടരാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചതിനെ തുടർന്നാണിത്,

മുൻ വർഷങ്ങളിലെ പോലെ കർക്കിടകമാസത്തിൽ (ജൂലായ് മാസം 17 മുതൽ (കർക്കിടകം 1) ആഗസ്റ്റ് മാസം 16 (കർക്കിടകം31) രാമായണവായനയോടു കൂടി രാമായണമാസമായി ആചരിയ്ക്കുവാനും, ഗണപതി ഹോമം, ഭഗവതിസേവ എന്നീ വഴിപാടുകളോടെ കർക്കിടകമാസ പൂജ നടത്തുവാനും തീരുമാനിച്ചിരിയ്ക്കുന്നു. ഗണപതി ഹോമവും, ഭഗവതിസേവയും ഒന്നിച്ച് നടത്തുന്നതിന് 200 രൂപയാണ് നിരക്ക്. പൂജ നടത്തുവാൻ താൽപര്യമുള്ള ഭക്തജനങ്ങൾ ട്രഷറർ/ ഭരണസമിതിയുമായി ബന്ധപ്പെടണമെന്നഭ്യർത്ഥിക്കുന്നു.

തൃപുരസുന്ദരീ ദേവിയുടെ ശ്രീകോവിലിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിയ്ക്കുകയാണ്.

ഡോ. ബി.സരോജിനി അമ്മയുടെ നേതൃത്വത്തിൽ, സൗജന്യ ആയുർവ്വേദ മെഡിയ്ക്കൽ ക്യാമ്പ് മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും, 2015 ഒക്ടോബർ 23 -ാം തീയതി ക്ഷേത്ര ഹാളിൽ വച്ച് നടത്തുന്നതാണ്. (സമയം രാവിലെ 9 മുതൽ ഉച്ചക്ക് 1 വരെ)

2015 ഒക്ടോബർ 21,22,23 തീയതികളിലായി, ക്ഷേത്രത്തിൽ,മുൻ വർഷങ്ങളിലെപ്പോലെ ദേവീ ഭാഗവത പാരായണം ഉണ്ടായിരിയ്ക്കുന്നതാണ്.

2015 ഒക്ടോബർ മാസത്തിൽ ഭാഗവത സപ്താഹത്തോടനുബന്ധിച്ച് ഒരു വിശേഷാൽ പൊതുയോഗം കൂടുന്നതിന് ഭരണസമിതി തീരുമാനിച്ചു. തീയതിയും കാര്യപരിപാടിയും നോട്ടീസ് മുഖേന അറിയിക്കുന്നതായിരിയ്ക്കും.

**പ്രസാദ ഊട്ട്**

| ഇടവം | മിഥുനം | കർക്കിടകം |
|---|---|---|
| 1. ശാരദാ ദാസ്, 2.കൃഷ്ണദാസ് | ജയചന്ദ്രൻ | വിജയമോഹനൻ നായർ |

## തിരുത്ത്

മുൻ ലക്കം വൈഷ്ണവത്തിൽ ഭാഗവത സപതാഹത്തിന് സംഭാവന നൽകിയവരുടെ പേരുവിവരങ്ങൾ പ്രിന്റ് ചെയ്തതിൽ താഴെ പറയുന്ന തെറ്റുകൾ സംഭവിച്ചു.

5000 രൂപ സംഭാവന നൽകിയ ശ്രീ. സി.കെ.ഗോപിനാഥൻ നായരുടെ പേര് ചേർക്കുവാൻവിട്ടു പോയി, 5000 രൂപ സംഭാവന നൽകിയ ശ്രീ.എം.കെ.മധുസൂദനൻ നൽകിയ തുക 500 രൂപ എന്നും, 6000 രൂപ സംഭാവന നൽകിയ ശ്രീമതി. ശാരദദാസ് നൽകിയ തുക 5000 രൂപയെന്നും, ശ്രീ. ആർ. ശിവകുമാറിന്റെ പേര് എസ്സ്.ശിവകുമാറെന്നും പ്രസിദ്ധീകരിച്ചതിൽ ഖേദിക്കുന്നു.

## INCOME & EXPENDITURE OF MANIYASSERI GANDARVASWAMI FOOD FUND APRIL2015

| | |
|---|---|
| Opening Bal. | 36 |
| Ajith Vijayakumar | 500 |
| Ushadevi | 1000 |
| J.Bhaskaran Nair | 1000 |
| Usha Mem. Food Fnd | 2000 |
| Prasad | 1000 |
| Vysakh | 1500 |
| Udaya | 1000 |
| Ajith.K.T | 1000 |
| Adv.T.Sanjay | 1000 |
| Minakshi & Malavika | 1501 |
| Radhamadhavan.M.K | 500 |
| shylaja Ravindra kumar | 500 |
| Manchester Foot & ankle clinic Ltd | 11000 |
| Sajeevan | 250 |
| Prasada Ootu | 3000 |
| Int. Gowri Madava Food fund | 4700 |
| Int.From Maniyasseri Gandarva Swami Fd Fnd | 11500 |
| Sarada Das | 500 |
| Krishna Das | 500 |
| Gokul Prasad | 500 |
| Padma Panikar | 500 |
| Sindu Gopakumar | 1000 |
| Vivek | 1000 |
| Premkumar | 1500 |
| Aparna Premkumar | 1500 |
| Rema Menon | 1000 |
| Geetha Sivaprasad | 1000 |
| Aneesh | 4000 |
| Veeraraghavan | 4000 |
| Aiswarya,Anakha &Akshita | 1500 |
| Meena Rani | 500 |
| ***New LIFE Members*** | |
| C.R.Prasad | 1000 |
| Apoorva Vivek | 1000 |
| Harikumar | 1000 |
| Jayachandran | 1000 |
| Neena Kishore | 1000 |
| Sujita Hariprasad | 1000 |
| Aparna Premkumar | 1000 |
| Premkumar | 1000 |
| Lekha Hariprasad | 1000 |
| Total Income | 70987 |
| ***Expenditure*** | |
| Cooking gas | 3705 |
| Provision + Vegitable | 30038 |
| Milk | 3580 |
| Cooking + Cleaning Chrg | 16000 |
| Pandal | 1000 |
| To Bank deposit | 16665 |
| Total Expence | 70988 |